

ഗവ.എച്ച്.എസ്സ്.എസ്സ്.
നെയ്യാറ്റിൻകര
little KITEs
Pixel
A pixel is the smallest unit of a digital image or graphic that can be displayed and represented on a digital display device.

# മുഖമൊഴി

നിറഞ്ഞൊഴുകിപ്പരന്നു പടർന്നു മായുന്ന
അധ്യയന ദിനങ്ങൾക്കിടയിൽ
മനസ്സിൽ വിടർന്ന മൊട്ടുകളാണ്
ഞങ്ങൾ സമർപ്പിക്കുന്നത്....... .
സ്നേഹം, പ്രതീക്ഷ ,കരുതൽ ,കരുണ .....
എല്ലാം ചാലിച്ചു തൊഴുകൈകളോടെ
ഞങ്ങൾ ,ലിറ്റിൽ  കൈറ്റ്സുകൾ!......
കടുംനിറങ്ങളില്ല ,പൊയ് മുഖങ്ങളില്ല ,
ചിതറിത്തെറിക്കുന്ന കാപട്യമില്ല .....
കരൾ നിറയെ ,മനം നിറയെ ഇലക്കീറിലെ പ്രസാദത്തിന്റെ നന്മ പോലെ
സ്നേഹം മാത്രം ......!
എല്ലാരേയും ഓർക്കുന്നു ;
മാർഗ്ഗദീപമായ ഗുരുക്കന്മാരെ... ,കരം കോർത്ത  സതീർഥ്യരെ ...,
തണലായ മാതാവിനെ ....,കരുത്തായ പിതാവിനെ .....
സർവോപരി സർവേശ്വരനെ !
ഒടുവിലൊരു വാക്ക്  കൂടി ....

നന്ദി ......
നന്ദി .....



# ഗവ . ഹയർ സെക്കന്ററി സ്കൂൾ നെയ്യാറ്റിൻകര

# PIXEL

# 2019-20

## ഡിജിറ്റൽ മാഗസിൻ




PIXEL2020

**ഗവ എച്ച് എസ് എസ് നെയ്യാറ്റിൻകര**

**നെയ്യാറ്റിൻകര പി ഓ തിരുവനന്തപുരം**

**ഫോൺ 0471- 2222434**

**E mail id:gbhssnta@gmail.com**





| EDITORIAL BOARD | STUDENT EDITORS |
|---|---|
| KALA G S<br>(Headmistress)<br>BINDU V<br>SHYLAJA C O<br>SUSHA S S<br>VINCE<br>SREEJA V P<br>BALRAJ T<br>PRADEEP ANAND | ADARSH Y<br>ASWANTH S VINOD<br>ADHITHYA LAL<br>SREEDITHYA LAL<br>KARTHIK KRISHNA |

## സന്ദേശം



നെയ്യാറ്റിൻകര ഗവ ബോയ്സ് ഹൈ സ്കൂളിൽ ഐ റ്റി ക്ലബ്ബിന്റെ ഭാഗമായി "പിക്സിൽ 2020"എന്ന ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്ന എന്നറിഞ്ഞതിൽ വളരെ സന്തോഷം. ആധുനിക വിവര സാങ്കേതിക യുഗത്തിൽ നമ്മുടെ കുട്ടികൾകുട്ടികൾ ഡിജിറ്റൽ മാഗസിന്റെ ഭാഗമാകുന്ന .ലോകം വിരൽത്തുമ്പിൽ തൊട്ടുകൊണ്ടു കൂടുതൽ ദൂരം സഞ്ചരിക്കാൻ എന്റെ കുട്ടികൾക്കാകട്ടെയെന്ന ആശംസിക്കുന്ന ......

ആശംസകളോടെ
കല ജി എസ്
വൈസ് പ്രിൻസിപ്പാൾ


## ആശംസകൾ



നെയ്യാറ്റിൻകര ഗവ ബോയ്സ് ഹൈസ്കൂളിൽ ലിറ്റിൽ കൈറ്റ്സ്അംഗങ്ങൾ തയ്യാറാക്കുന്ന "പിക്സിൽ 2020" എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും ...

സുഷ എസ് എസ്
സീനിയർ അസിസ്റ്റന്റ്


# *Chandrayaan-2*




**Chandrayaan-2** is an Indian lunar mission that will explore the moon's south polar region. The aim of the lunar mission is to improve our understanding of the moon discoveries that will benefit India and humanity as a whole. Chandryaan-**2** comprises of an orbiter, lander (Vikram) and rover

As India and the world await Chandrayaan-2's soft-landing on the moon, the significance of landmark space mission has been a point of discussion among the scientist community and social media alike.

If this mission is successful, **India will become the fourth country after the US, Russia, and China to conduct a soft landing on the moon** and the first country to land close to the lunar south pole on its first attempt.Apart from the scientist community, students have also been asked in schools to write essays on Chadrayaan-2, Indian's lunar mission. So first, let's start by knowing what exactly is Chandrayaan? **Chandrayaan-1** was India’s first mission to the moon. The name Chandrayaan means 'Chandra- Moon, Yaan-vehicle,' in Indian languages (Sanskrit and Hindi), the lunar spacecraft Chandrayaan-1 was operational for 312 days till August 29, 2009.



# പുഴയുടെ ദാഹം

അരികത്തൊരു തോണിയിരിപ്പൂ.....
പാട്ടില്ലാതെ പുഴയില്ലാതെ
അരികത്തൊരു തണ്ടുമിരിപ്പൂ നാവില്ലാതെ...
നിഴലില്ലാതെ...

ഇളവെയിലേ പൊള്ളുന്നല്ലോ
ഇരുൾ മാഞ്ഞില്ല ചീറ്റുന്നല്ലോ
ഇരുളിൽ ചിത കാത്ത് കിടക്കും
ഒരു പക്ഷിച്ചിറകായ് ജന്മം...

ഏലേലോ ഏലോ ഏലേലോ...
ഏലോ ഏലോ ഏലേലോ....
അരികത്തൊരു തോണിയിരിപ്പൂ.....
പാട്ടില്ലാതെ പുഴയില്ലാതെ...


ഇവിടുള്ളോരു പുഴയുടെ കുളിർമ്മ തൻ
മേളമില്ലല്ലോ...........
ഇവിടുള്ളോരു കുഞ്ഞുകിടാങ്ങൾ തൻ
കളിമേളമില്ലല്ലോ

കാറ്റില്ലല്ലോ മഴയുടെ മുത്തശ്ശികുളിരില്ലല്ലോ..
ഇവിടുള്ളൊരു  പൊടിമണലും ഒരു പുഴ
തൻ പേരും മാത്രം.......
ഏലേലോ ഏലോ ഏലേലോ...
ഏലോ ഏലോ ഏലേലോ....

ആകാശ് എം എസ്
IX B

PIXEL2020

# Corona virus



India reported its second case of novel coronavirus today. A person who had a history of travelling to China tested positive in Kerala today, the health ministry confirmed. "The patient has tested positive for novel coronavirus and is in isolation in a hospital," the officials said.

The patient is stable and is being closely monitored, officials added. Earlier, An Indian student of Wuhan University in China tested positive in Kerala which was the first case of coronavirus in India Wuhan, the capital of Hubei province in central China, is the epicentre of the outbreak. Across the world, it has been reported in 24 countries, including India. The death toll from a coronavirus epidemic in China had reached 304 as of the end of Saturday. Across China, there were 2,590 new confirmed infections on Saturday, bringing the total accumulated number so far to 14,380.

On Saturday, automobile major Maruti Suzuki India reported that sales, which included exports and off-take by other OEMs, grew by just 1.6 per cent to 154,123 vehicle in JanuaryRead Full Story



# അമ്മയുടെ ഉണ്ണി

അവൻ സ്കൂളിലേക്ക് പോകും. തിരിച്ച് വരുമ്പോൾ ചെറുപുഞ്ചിരിയുമായി നിൽക്കുന്ന അമ്മയെ കാണുമ്പോൾ അവനു എന്തെന്നില്ലാത്ത സന്തോഷം തോന്നും. ജോലിക്ക് പോയി വരുമ്പോൾ  ഉണ്ണിക്കായി അമ്മ എന്തെങ്കിലും വാങ്ങും .ഒരു ദിവസം പതിവുപോലെതന്നെ വീട് പൂട്ടി അയൽവീട്ടിൽ താക്കോൽ ഏല്പിച്ച് സ്കൂളിലേക്ക് പോയി ,വൈകുന്നേരം തിരിച്ചെത്തിയപ്പോൾ അയൽവീട്ടിലെ സ്ത്രീ പറഞ്ഞു കുഞ്ഞേ ,ഇതാ താക്കോൽ ,.....അമ്മ ഇതുവരെ എത്തിയില്ല .അവൻ പടിയിൽ ഇരിപ്പായി അമ്മയുടെ വരവും കാത്തു .അപ്പോഴാണ് അവൻ ഓർത്തത് 'അമ്മ പറഞ്ഞിരുന്നു ഇന്ന് വൈകിയേ വരികയുള്ളുവെന്നു .കുറച്ച് കഴിഞ്ഞപ്പോൾ ഒരു കൂട്ടം ആൾകാർ തന്റെ വീട്  ലക്ഷ്യമാക്കി വരുന്നു .അമ്മയെ അവർ താങ്ങിയിരിക്കുകയാണ്.അവർ അമ്മയെ വീടിനു മുൻപിൽ കിടത്തി .എന്നിട്ട് ചതഞ്ഞുപോയ പലഹാരപ്പൊതി അവനു നേരെ നീട്ടി .അമ്മയെ എന്തിനാണ് അവർ താങ്ങിക്കൊണ്ടുവന്നത് ?അമ്മ ഉറങ്ങുകയാണോ ? 'അമ്മ എന്താ എഴുന്നേൽക്കാത്തതു ?ഇതുപോലുള്ള ഒരു കൂട്ടം ചോദ്യങ്ങൾ അവന്റെ മനസിലൂടെ കടന്നു പോയി .അമ്മയെ ഇനി കാണാൻ ആകില്ലേ എന്ന് ആരൊക്കെയോ അവനോടു പറഞ്ഞു .വൈകുന്നേരത്തെ ആ  ചെറിയ പുഞ്ചിരി ഇനി ഇല്ല എന്ന് കേട്ടപ്പോൾ അവന്റെ കണ്ണുകളിൽ നിന്ന് കണ്ണീർ തുള്ളികൾ അമ്മയുടെ മുഖത്തു പതിച്ചു .

ഇതുവരെ നടന്നതെല്ലാം അവന്റെ മനസിലൂടെ കടന്നു പോയി ,അമ്മയുടെ അടുത്തിരുന്നു മതിയായില്ല ,അതിനു മുൻപേ അവർ അമ്മയെ എങ്ങോട്ടോ കൊണ്ട് പോയി .അമ്മയുടെ കഥ കേട്ട് മതിയായില്ല .തന്നെ ഒറ്റയ്ക്കാക്കി 'അമ്മ പോകുകയാണ് .അവനു ചെന്നെത്തി പറ്റാൻ കഴിയാത്തത്ര ദൂരത്തേയ്ക്ക് .എല്ലാവരും തങ്ങളുടെ വീട്ടിലേക്ക് പോയി .എന്തിനാണെന്നറിയില്ല അമ്മയെ കാത്തു കരഞ്ഞു തളർന്നു ഉണ്ണി പടിയിൽ ഇരിപ്പാണ് .വെറുതെയാണെന്നു അറിയാമെങ്കിലും അമ്മയെ കാത്തിരിക്കുമ്പോൾ അവനുണ്ടാകുന്ന പ്രതീക്ഷ അവനെ സന്തോഷിപ്പിക്കുന്നു   .പെട്ടെന്നാണ് വീടിനകത്തു നിന്നും അമ്മയുടെ ശബ്ദം അവൻ കേട്ടത് .വേഗം തന്നെ മുറിയിലെത്തി .അവിടെ കണ്ടത് തുറന്നിട്ട ഒരു ജനൽ പാളിയാണ് .അവൻ അതിലൂടെ പുറത്തേക്ക് നോക്കിയപ്പോൾ കണ്ടത് വളരെയധികം പ്രകാശിക്കുന്ന ,താനിതുവരെ കാണാത്ത  ഒരു നക്ഷത്രത്തെയാണ് .കണ്ണീർ നിറഞ്ഞ കണ്ണുകളിലൂടെ അതിനെ നോക്കിയപ്പോൾ അത് കൂടുതൽ പ്രകാശിക്കുന്നതായി തോന്നി .

അത് അവനെ മാടി വിളിക്കുന്നതായി തോന്നി .അത് തന്റെ അമ്മയാണ് ....അവൻ കണ്ണ് ചിമ്മാതെ അതിനെ തന്നെ നോക്കിനിന്നു .കുറച്ച് സമയത്തിന് ശേഷം അവന്റെ കണ്ണുകൾ അടഞ്ഞു ....ആർക്കും എത്തിപ്പെടാൻ കഴിയാത്തത്ര ദൂരത്തേക്ക് അവനും മാഞ്ഞു..അവന്റെ അമ്മയോടൊപ്പം ..ആ നക്ഷത്രത്തിന്റെ അടുത്ത് ഒരു തിളങ്ങുന്ന കുഞ്ഞു നക്ഷത്രം കൂടി പ്രത്യക്ഷപെട്ടു ....പ്രതീക്ഷിക്കാം ...അത് ഉണ്ണിയായിരിക്കാം .ആ ജനൽപ്പാളി ഇപ്പോഴും തുറന്നു കിടക്കുന്നു .ആർക്കോ വേണ്ടിയുള്ള കാത്തിരിപ്പെന്നപോലെ .....അമ്മയുടെയും ഉണ്ണിയുടെയും കണ്ണീരിൽ ചാലിച്ച മായാത്ത ഓർമ്മകൾ ആ വീട്ടിൽ ഇന്നും ജീവിക്കുന്നു .......


ചിന്മയ സുരേഷ്

9B



# ലഹരിയിലമരുന്ന ബാല്യ കൗമാരങ്ങൾ

നമ്മുടെ യുവത്വത്തെപ്പോലെ ബാല്യവും ലഹരിയിലമരുകയാണോ ? ഇക്കഴിഞ്ഞ ജനുവരിയിലാണ് അമിതമായ മദ്യപാനം മൂലം മൂന്നാം ക്ലാസുകാരൻ മരണപ്പെട്ടതും മറ്റൊരു പത്താം ക്ലാസുകാരൻ അത്യാസന്ന നിലയിലായതും. രണ്ടും സാക്ഷര കേരളത്തിൽ തന്നെയായിരുന്നു. ഇതിലേറെ ഞെട്ടലുളവാക്കുന്ന റിപ്പോർട്ടാണ് ഈയിടെ നാഷണൽ കമ്മിഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് പുറത്തു വിട്ടത്. കേരളത്തിലെ 73.9 ശതമാനം കുട്ടികൾ പുകയില ആസ്വദിച്ചവരോ അതിന്റെ അടിമകളോ ആണ്. മദ്യത്തിലുള്ള ഇവരുടെ പ്രിയം 60.5 ശതമാനമാണ്. കേരളത്തിലെ അഞ്ചിനും 18 നും ഇടയിൽ പ്രായമുള്ള 119 കുട്ടികളിൽ നടത്തിയ വിവര ശേഖരണത്തിലാണ് മേൽപറഞ്ഞ ഭീതിജനകമായ വിവരങ്ങൾ കണ്ടെത്തിയത്. മുമ്പ് ലഹരി ഉപയോഗിക്കുന്ന ബാല-കൗമാര പ്രായക്കാരുടെ ശരാശരി വയസ്സ് 21 ആയിരുന്നു. പിന്നീടത് 18 ആയും ഇപ്പോൾ 14 ആയും കുറഞ്ഞിരിക്കുന്നു.



ആഘോഷങ്ങളോടൊപ്പം മരണാന്തര ചടങ്ങുകളുടെ ആചരണത്തിലും മദ്യം അനിവാര്യമായതും ഗാർഹിക സദസ്സുകളിലെ മദ്യ സാന്നിധ്യം വർധിപ്പിച്ചതുമാണ് കുട്ടിക്കുടിയൻമാരുടെ എണ്ണം വർധിപ്പിച്ചത്. മുതിർന്നവർ വഴി തന്നെയാണ് പുകവലി കുട്ടികളിലെത്തുന്നത്. പാൻമസാല പോലുള്ള ലഹരി സാധനങ്ങൾ സ്കൂളുകൾക്ക് ചുറ്റും നിഷ്പ്രയാസം ലഭിക്കാനിടയായതാണ് ഈ വഴിയുള്ള ലഹരി ഉപഭോഗം വർധിക്കാൻ കാരണം. ന്യൂ ജനറേഷൻ ലഹരിയുടെ കുതിപ്പിന് കാരണം അതിന്റെ ആകർഷകമായ വിവിധ ഘടകങ്ങളാണ്. മിഠായി രൂപത്തിലും ഗുളിക വേഷങ്ങളിലും ശീതളപാനീയ ചമയങ്ങളിലും എത്തുന്ന ലഹരി സാധനങ്ങൾ മറ്റുള്ളവരുടെ ശ്രദ്ധ പതിയാത്തവിധം ലളിതമായ രീതിയിൽ ഉപയോഗിക്കാൻ സാധിക്കുന്നത് കൊണ്ടാണ് വിദ്യാർത്ഥികളിൽ ലഹരി ഉപാസന വ്യാപകമായത്.

കുട്ടികളിലെ ലഹരി ലഭ്യത കുറച്ച് കൊണ്ടുവരാൻ നിയമങ്ങളും നിയന്ത്രണങ്ങളുമൊക്കെ ഉണ്ടെങ്കിലും വിലക്കപ്പെട്ടതിനോടുള്ള ആസക്തി കൂടി വരുന്ന അനുഭവമാണുള്ളത്. കുട്ടികളിൽ ലഹരിയോടുള്ള ആഭിമുഖ്യം വർധിക്കാൻ മുഖ്യമായും രണ്ടു കാരണങ്ങളാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. പദാർത്ഥങ്ങളുടെ ലഭ്യതയാണ്

പകുതിയോളം കുട്ടികളെയും ലഹരിയോടടുപ്പിക്കുന്നതെങ്കിൽ മനശാസ്ത്രപരമായ കാരണങ്ങളാണ് മറുപാതിയെ ആകർഷിക്കുന്നത്.

മറ്റ് വിദ്യാർത്ഥികൾക്കിടയിൽ ഹീറോ ആകാനുള്ള കുറുക്ക് വഴിയായാണ് പല കുട്ടികളും ലഹരി ആരാധകരായി മാറുന്നത്. ലഹരി ഉപയോഗിക്കുന്ന കുട്ടികൾക്ക് വേറിട്ടുള്ളൊരു ശ്രദ്ധയും പരിവേഷവും ലഭിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. വീട്ടിലും ക്ലാസിലും വേണ്ടത്ര പരിഗണന ലഭിക്കാതെ വരുമ്പോഴും ഗൃഹാന്തരീക്ഷത്തിലെ സംഘർഷങ്ങളും ഇളം പ്രായക്കാരെ ലഹരിയുടെ കൂട്ടുകാരാക്കി മാറ്റുന്നു. സിനിമ പോലുള്ള ജനപ്രിയ മാധ്യമങ്ങളിലെ ലഹരി ഉപയോഗരംഗങ്ങൾ ലഹരിയുമായി അനുരാഗത്തിലേർപ്പെടാൻ ഇവരെ പ്രേരിപ്പിക്കുന്നുണ്ട്. സുഹൃത്തുക്കളുടെയും സഹവാസികളുടെയും പ്രേരണയും സമ്മർദ്ദവും വഴി ലഹരി ലോകത്തേക്ക് കടന്നു വരുന്നവരും കുറവല്ല.

എല്ലാ കാര്യത്തിലുമെന്ന പോലെ മക്കളെ കാക്കാനുള്ള രക്ഷിതാക്കളുടെ കഴിവിനനുസരിച്ചായിരിക്കും അവർ സ്വീകരിക്കുന്ന നേർവഴിയും ദുഷിച്ച മാർഗങ്ങളും. മക്കളുടെ പോക്കും ശീലങ്ങളും കൂട്ടുകെട്ടുമൊക്കെ രക്ഷിതാക്കൾ ശ്രദ്ധിക്കുന്നില്ലെങ്കിൽ അവർ എന്നെന്നേക്കുമായി കൈവിട്ടു പോകുമെന്ന് തീർച്ച. അടിച്ചമർത്തിക്കൊണ്ടുള്ള ഭരണത്തേക്കാൾ അഭികാമ്യം സ്നേഹത്തിലൂന്നിയ ഉപദേശങ്ങളും ശാസനകളുമാണ്. കുട്ടികളുടെ അഭിപ്രായങ്ങളെയും ആഗ്രഹങ്ങളെയും പാടെ തള്ളിക്കളയുന്നത് നല്ല പിതൃ-പുത്ര ബന്ധങ്ങളെ ഇല്ലായ്മ ചെയ്യും.

വീട് വിട്ടാൽ മറ്റൊരു വീടായി വിദ്യാർത്ഥികൾ കരുതുന്നത് വിദ്യാലയങ്ങളെയാണ്. ഗൃഹാന്തരീക്ഷത്തിൽ രക്ഷാകർത്താക്കൾ പുലർത്തേണ്ട ഉത്തരവാദിത്വങ്ങളാണ് ഇവിടെ അധ്യാപകർക്ക് നിർവഹിക്കാനുള്ളത്. ഒരുപക്ഷെ, രക്ഷാകർത്താക്കളേക്കാൾ ഭാരിച്ച ഉത്തരവാദിത്വമാണ് അധ്യാപകർക്കുള്ളതെന്ന കാര്യമാണ് ശരി. അധ്യാപകന്റെ പെരുമാറ്റവും സ്വഭാവങ്ങളും പ്രതിഫലിക്കുന്ന കണ്ണാടിയാണ് വിദ്യാർത്ഥി. 'ഹിറ്റ്ലർ' മോഡൽ അധ്യാപനം ക്ലാസ് മുറികളെ വിജയിപ്പിച്ച ചരിത്രമില്ല. അധ്യാപനം ഒരു തൊഴിൽ മാത്രമല്ല; കലയും മനഃശാസ്ത്രപരമായ ഇടപെടലും കൂടിയാണ്. കൂട്ടംതെറ്റി മേയുന്ന ഇളംമുറക്കാരെ കൂട്ടിച്ചേർത്ത് പിടിക്കുകയാണ് അധ്യാപകന്റെ കടമ.



# ഏകനായ്

സൂര്യപ്രകാശം ജനൽകമ്പികൾക്കിടയിലൂടെ തന്റെ മുഖത്തെ മെല്ലെ തടവി ഉറക്കത്തിൽനിന്നും വിളിച്ചുണർത്തി .ഉണർന്നിട്ടും അവൻ കണ്ണ് തുറക്കാതെ കിടന്നു ........ഓർത്തോർത്തു മിഴികൾ നിറഞ്ഞൊഴുകാൻ തുടങ്ങി .....ഇതുപോലെ എത്ര ദിവസമാണ് എന്റെ "അമ്മ" എന്നെ തഴുകി ഉണർത്തിയത് .....പരീക്ഷ അടുക്കുമ്പോൾ രാവിലെ ഉണരാതെ ഓരോ നിമിഷത്തിലും തന്നിൽ ...മൂടിപ്പിടിച്ചു കിടക്കുമ്പോൾ സ്നേഹത്തിൽ ചാലിച്ച ശാസനയുമായി അമ്മയെത്തും ..ഷീറ്റുമാറ്റി മൂരിനിവർന്നു വരുന്ന എന്നെ കാണുമ്പോൾ അമ്മയുടെ ആ ചിരി ....പക്ഷെ ..... ഇന്നെന്റെ 'അമ്മ '......അമ്മയുടെ ഏറ്റവും വലിയ സ്വപ്നം എന്നെ ഒരു ഡോക്ടർ ആക്കുകയായിരുന്നു .ഓരോ നിമിഷത്തിലും തന്നിൽ ആ സ്വപ്നം നിറയ്ക്കുന്നവ ആയിരുന്നു അമ്മയുടെ ആ വാക്കുകൾ .....

മഴ തകർത്തു പെയ്യുന്ന ആ വൈകുന്നേരം........ ചെറിയ വീടിന്റെ തിണ്ണയിലിരുന്നു അമ്മ. അശാന്തമായ മനസോടെ ......ഉള്ളിൽ കടലോളം വേദന അനുഭവിക്കുന്നത് പോലെ ....ആ വാക്കുകളിൽ എന്തൊക്കെയോ ദു:സൂചനകൾ ഉള്ളതുപോലെ അന്നെനിക്ക് തോന്നി .... ശക്തമായ മഴയിലും ഉള്ള ചൂട്ടു പൊള്ളുകയാണ് .ഞാൻ സ്വയം മനസിനെ നിയന്ത്രിച്ചു ഏയ് ...ഒന്നുമില്ല ..എനിക്ക് തോന്നിയതാകും ..ഞാൻ എന്നെ ആശ്വസിപ്പിച്ചു . റിസൾട്ട് വന്നപ്പോൾ 'അമ്മ വളരെയധികം സന്തോഷിച്ചു .എന്നെ കെട്ടിപ്പിടിച്ചു മൂർദ്ധാവിൽ തന്ന ചുംബനത്തിന്റെ ചൂട് ഇന്നും നെറ്റിയിൽ ഉള്ളതുപോലെ ....അസഹനീയമായ വേദനയും ക്ഷീണവും അമ്മയെ വല്ലാതെ അസ്വസ്ഥയാക്കി .ഡോക്ടറുടെ നിർദ്ദേശപ്രകാരം എല്ലാ ടെസ്റ്റുകളും നടത്തി .'ഞാൻ സ്വയം മനസിനെ നിയന്ത്രിച്ചു .ഏയ് ...ഒന്നുമില്ല ..എനിക്ക് തോന്നിയതാകും .ഞാൻ എന്നെ ആശ്വസിപ്പിച്ചു . റിസൾട്ട് 'അമ്മ വളരെയധികം

സന്തോഷിച്ചു .എന്നെ കെട്ടിപ്പിടിച്ചു മൂർദ്ധാവിൽ തന്ന ചുംബനത്തിന്റെ ചൂട് ഇന്നും നെറ്റിയിൽ ഉള്ളതുപോലെ ....

അമ്മയുടെ റിസൾട്ട് വാങ്ങി ഡോക്ടറുടെ അടുത്തേക്ക് നടന്നു .എന്തുവന്നാലും ധൈര്യമായി നേരിടണം എന്ന് ഡോക്ടർ പറഞ്ഞു . അതെ ..രോഗം സ്ഥിരീകരിച്ചു ....അമ്മയ്ക്കു കാൻസർ ആണ് അവസാന ഘട്ടത്തിൽ എത്തിയിരിക്കുകയാണ് .....ഇനി

ഏതാനും നാളുകൾ ....ഭൂമി തലകീഴായി മറിയുന്നതുപോലെ എനിക്ക് തോന്നി ...കണ്ണിൽ ഇരുട്ടുകയറുന്നു ...ഒന്നും കാണാൻ കഴിയുന്നില്ല ...പുറത്തെ കസേരയിൽ ഇരുന്നു .അപ്പോൾ അടുത്തിരുന്ന ആൾ പറഞ്ഞു ഫോൺ ബെല്ലടിക്കുന്നു ......അങ്ങേത്തലക്കൽ നിന്നും അഭിനന്ദന പ്രവാഹം ...കൂട്ടുകാരുടെ ,അദ്ധ്യാപകരുടെ ....ചിരിക്കണോ ,കരയണോ എന്നറിയാതെ ഞാൻ പാച്ചു നിന്നുപോയി ...അമ്മയുടെ ഏതു റിസൾട്ട് പറയണം എന്നറിയാതെ ........

ആദർശ് 9A



# കാർഷിക പഴഞ്ചൊല്ലുകൾ

വിത്തുഗുണം പത്തുഗുണം.

അകലേ ഉഴുത് പകലേ പോരുക.

അകലെ നടണം , അടുത്ത് നടണം, ഒത്തു നടണം.

അടുത്തു നട്ട് അഴക് കാണുക അകത്തി നട്ട് വിളവ് കാണുക.

ഇല തൊടാഞ്ഞാൽ കുല മലയ്ക്ക മുട്ടും.

ഉഴുത് വിട്ടാൽ പുഴു തിന്നും.

എല്ലാ വിത്തും ഒരേ വയലിൽ വിതയ്ക്കരുത്.

എഴുന്ന കണ്ടത്തിൽ നിരന്നവിള.

ഒരില പോയാൽ ഒരു പട പോയി.

കാലം നോക്കി കൃഷി , മേളം നോക്കി ചാട്ടം.

കാലത്തെ വിതച്ചാൽ നേരത്തെ കൊയ്യാം.

വിത പോലേ കൊയ്ത്ത്.

മേടം തെറ്റിയാൽ മേടോൻ തെറ്റി.

വിത്താഴം ചെന്നാൽ പത്തായം നിറയും.

സമ്പത്തുകാലത്തു തൈ പത്തുവച്ചാൽ

ആപത്തുകാലത്ത് കാ പത്തു തിന്നാം.

വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.

കാണം വിറ്റും ഓണം ഉണ്ണണം.

അഴകുള്ള ചക്കയിൽ ചുളയില്ല.

കോരി വിതച്ചാൽ കുറച്ച കൊയ്യൂ.

വിളഞ്ഞ കണ്ടത്തിൽ വെള്ളം തിരിക്കണ്ട.

അമിത്ത് V1 A

# നീയായി മാറണം



പ്രദീപ് ആനന്ദ്

ഒരു മോഹം മാത്രമെൻ
തിരി കെട്ടും നേരത്തെ-
ന്നരികിൽ നീയുണ്ടായിരിക്കണം!

പെയ്തൊഴിയാത്തൊരാ-
മേഘങ്ങളുയിരാർന്ന
കൺകളാലീയുടൽ മൂടണം!

ഉയിരററുപോകുമ്പോ-
ളൊടുവിലെച്ചൂട് നിൻ
മിഴിയിലെത്തിരിനാളമാകണം!

പ്രാണനിലിററും നിൻ-
നിനവിൻെറ ചൂടിലെ-
ന്നാത്മാവ് ചിറകടിച്ചുയരണം!

ഒടുവിലൊരു മഴയലി-
ഞ്ഞുടലാർന്ന പുഴയായ്
തടം തല്ലിയൊഴുകണം!

കരകവിഞ്ഞാർദ്രമായ്
നിൻെറ പുളിനങ്ങളെ-
യീറനായ് പുൽകണം!

അളകങ്ങളകലേക്ക്
മാടിയൊതുക്കണം,
അധരങ്ങളമൃതമായ്
വീണ്ടും നുകരണം!

വാഴ്വിൻെറ ലഹരിയിൽ
ചിറകടിച്ചുയരുന്ന
ചിത്രപതംഗമായ്പ്പാറണം!

നിന്നുടലാഴത്തിൽ
വീണ്ടും ലയിക്കണം,
നിർവൃതിപ്പൂ ചൂടി
നീയായി മാറണം!

## എന്തുകൊണ്ട് വീണ്ടും പ്രളയം

ഒരിക്കൽ അനുഭവിച്ച പ്രളയദുരന്തത്തിൽ നിന്നും ഉരുൾപൊട്ടലിൽനിന്നും കരകയറിവരികയായിരുന്ന മലയാളികൾ .പക്ഷെ പ്രകൃതി വീണ്ടും ക്ഷോഭത്തോടേ മലയാളികൾക്കുനേരെ ആഞ്ഞടിക്കുന്നു .യഥാർത്ഥത്തിൽ കാര്യഗൗരവത്തോടെ പരിസ്ഥിതിപ്രശ്നത്തെ കുറിച്ച് പഠിക്കുകയും മുന്നറിയിപ്പ് നൽകുകയും ചെയ്തവരുടെ വാക്കുകൾക്ക് വേണ്ടത്ര പരിഗണന നൽകിയില്ല .അതിന്റെയൊക്കെ ദുരന്തം കൂടിയാണ് ഇപ്പോൾ നമ്മൾ കാണുന്നത് .2018 ഓഗസ്റ്റിലെ ദുരന്തം മലയാളി മറന്നിട്ടില്ല . പ്രളയവും ഉരുൾപൊട്ടലും സംഭവിച്ച അതെ സമയങ്ങളിൽ 2019 ലും ആവർത്തിച്ചിരുന്നു കഴിഞ്ഞ തവണ വെള്ളപ്പൊക്കം ആണെന്കിളിൽ ഇപ്പോൾ വ്യാപകമായ ഉരുൾപൊട്ടലിൽ ആണ് നാശനഷ്ട്ടങ്ങൾ അധികവും. എല്ലാം കേരളത്തിന്റെ കിഴക്കേ എതിരായ മലനിരകളിൽ .ഈ മലനിരകളെക്കുറിച്ചുള്ള പഠനവും അതിന്റെ നിഗമനങ്ങളും




ഏതാനം വര്ഷങ്ങള്ക്കു മുൻപ് വിവാദമായതാണ് .പഠനം നടത്തിയത് വി എൻ ഗാഡ്ഗിൽ എന്ന പരിസ്ഥിതി ശാസ്ത്രജ്ഞൻ .പശ്ചിമ ഘട്ടമലനിരകളിൽ പാറപൊട്ടിക്കലും വൻകിട കെട്ടിടങ്ങളും നിർമിക്കാൻ പാടില്ലായെന്നും ഗാഡ്ഗിൽ റിപ്പോർട്ടിൽ പറയുന്നു .കഴിഞ്ഞ തവണ വെള്ളപ്പൊക്കം ആണെന്കിളിൽ ഇപ്പോൾ വ്യാപകമായ ഉരുൾപൊട്ടലിൽ ആണ് നാശനഷ്ട്ടനങ്ങൾ അധികവും എല്ലാം കേരളത്തിന്റെ കിഴക്കേ എതിരായ മലനിരകളിൽ .ഈ മലനിരകളെക്കുറിച്ചുള്ള പഠനവും അതിന്റെ നിഗമനങ്ങളും ഏതാനം വര്ഷങ്ങള്ക്കു മുൻപ് വിവാദമായതാണ് .




പഠനം നടത്തിയത് വി എൻ ഗാഡ്ഗിൽ എന്ന പരിസ്ഥിതി ശാസ്ത്രജ്ഞൻ പശ്ചിമ ഘട്ടമലനിരകളിൽ പാറപൊട്ടിക്കലും വൻകിട കെട്ടിടങ്ങളും നിർമിക്കാൻ പാടില്ലായെന്നും ഗാഡ്ഗിൽ റിപ്പോർട്ടിൽ പറയുന്നു .പശ്ചിമ ഘട്ടമലനിരകളിൽ പാറപൊട്ടിക്കലും വൻകിട കെട്ടിടങ്ങളും നിർമിക്കാൻ പാടില്ലായെന്നും ഗാഡ്ഗിൽ റിപ്പോർട്ടിൽ പറയുന്നു കാലാവസ്ഥ നിരീക്ഷണവും സ്വീകരിക്കേണ്ട മുൻകരുതൽ ഇവ എത്രമാത്രം പ്രവർത്തി പഥത്തിൽ എത്തിക്കാൻ കഴിഞ്ഞുവെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു .പരിസ്ഥിതി ലോല പ്രദേശങ്ങളിൽ ജനങ്ങളുടെ താമസം നിയന്ത്രിക്കേണ്ടതാണ് .

ഇങ്ങനെ മനുഷ്യ ജീവിതത്തിൽ റിബൽ സന്ദേശങ്ങൾ നടത്തുന്ന പ്രകൃതിയുടെ കൃത്യമായസന്ദേശങ്ങളെ കുറിച്ച് നാം മുൻകരുതൽ ഒന്നും എടുക്കുന്നില്ല .പ്രളയാനുഭവത്തിൽ നിന്നും നാം എന്തു പാഠമാണ് പഠിച്ചത് ? പശ്ചിമഘട്ടം ആകെ തകർക്കപ്പെട്ടിരിക്കുന്നു . ഇനിയും നടപടിയെടിത്തില്ലെങ്കിൽ കേരളത്തെ കാത്തിരിക്കുന്നത് വൻദുരന്തമാണ് അതിനു നിങ്ങൾ കരുതുമ്പോലെ യുഗങ്ങൾ ഒന്നും വേണ്ട അഞ്ചോ ആറോ വര്ഷം മതി .അത് നിങ്ങളും ഞാനും കാണും .....

PIXEL2020

# സ്വദേശാഭിമാനി രാമകൃഷ്ണപിള്ള




ഇത് പത്രധർമ്മത്തിന്റെ കനൽവഴികളിലൂടെ നിർഭയം സഞ്ചരിച്ച സ്വദേശാഭിമാനി രാമകൃഷ്ണപിള്ള....ബ്രിടീഷ് ആധിപത്യത്തിന്റെ അവസാന നാളുകളിൽ തിരുനൽവേലിയിലേക്കു നാട് കടത്തപെട്ട സ്വദേശാഭിമാനിയുടെ ശൈശവ ബാല്യ കൗമാര യൗവനങ്ങൾക്കു സാക്ഷ്യം വഹിച്ചത് ഈ വീടാണ് .ഇവിടുത്തെ ഓരോ മണല്തരികൾക്കുമുണ്ട് അധിനിവേശത്തിനെതിരെ തൂലിക ചലിപ്പിച്ച വിപ്ലവകാരിയുടെസ്മരണകൾ പറയാൻ .....

1878 മെയ് 28 ന തിരുവനന്തപുരം ജില്ലയിയിലെ നെയ്യാറ്റിന്കരയിൽ ജനിച്ചു. പിതാവ് ശ്രീ നരസിംഹൻപോറ്റി, മാതാവ് ചക്കിയമ്മ . 1887 മുതൽ നെയ്യാറ്റിൻകര ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും അത് കഴിഞ്ഞു തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിനോട് ചേർന്ന സ്കൂളിൽ .ഹൈസ്കൂൾ വിദ്യാഭ്യാസവും, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ തുടർപഠനവും നടത്തി.

കേരളത്തിലെ മുസ്‌ലിംകൾക്കിടയിലെ സാമൂഹികപരിഷ്കർത്താവും,സ്വാതന്ത്ര്യ സമര പോരാളിയും പത്രപ്രവർത്തകനുമായിരുന്ന വക്കം മൗലവി എന്ന വക്കം അബ്ദുൽ ഖാദർ മൗലവിയാണ് "സ്വദേശാഭിമാനി " എന്ന തന്റെ പത്രത്തിന്റെ പത്രാധിപ സ്ഥാനത്തേക്ക് രാമകൃഷ്ണപിള്ളയെ ക്ഷണിച്ചത്. 1906 ജനുവരി 17-ന് അദ്ദേഹം "**സ്വദേശാഭിമാനി**" പത്രത്തിന്റെ പത്രാധിപസ്ഥാനം ഏറ്റെടുത്തു .പത്രാധിപർ, ഗദ്യകാരൻ, പുസ്തക നിരൂപകൻ, സമൂഹ നവീകരണവാദി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള സ്വാതന്ത്ര്യ സമര പോരാളിയായിരുന്ന സ്വദേശാഭിമാനി രാമകൃഷ്ണപിള്ള.

രാജഭരണകാലത്ത് ദിവാനായിരുന്ന പി.രാജഗോപാലാചാരി നടത്തിയ അധാർമികതയ്ക്കെതിരേ സ്വദേശാഭിമാനി പത്രത്തിലൂടെ പ്രതികരിച്ചതിനാണ് അദ്ദേഹത്തെ നാടുകടത്തിയത്. പിന്നീട് അദ്ദേഹം കണ്ണൂരിലെത്തുകയും 1916 മാർച്ച് 28-ന ഈ ലോകത്തോട് വിടപറയുകയും ചെയ്തു



നെയ്യാറിന്റെ തീരത്തു ചരിത്രമുറങ്ങുന്ന പവിത്രമായ നെയ്യാറ്റിൻകര ശ്രീ കൃഷ്ണ സ്വാമി ക്ഷേത്രത്തിനു മുൻവശത്തായി ഈ ധീര പുത്രന്റെ സ്മരണാർത്ഥം സ്വദേശാഭിമാനി പാർക്ക് സ്ഥിതി ചെയ്യുന്നു കാലത്തിനു മുൻപേ കാതങ്ങൾ സഞ്ചരിച്ച ധീര പത്ര പ്രവർത്തകനാണ് ശ്രീ രാമകൃഷ്ണ പിള്ള. ധൈര്യത്തിന്റെയും ആർജ്ജവത്തിന്റെയും ആത്മവിശ്വാസത്തിന്റെയും ആൾരൂപമായ ധീര ദേശാഭിമാനി.. പക്ഷെ ...അദ്ദേഹത്തിന്റെ സ്മരണകളോട് നാം കാട്ടുന്നതെന്ത് ? അക്ഷന്തവ്യമായ അപരാധത്തിന്റെ നേർക്കാഴ്ചകൾ ........

PIXEL2020

# ഹൈടെക് പദ്ധതി

**സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഹൈടെക് പദ്ധതിയുടെ ഭാഗമായി അമ്മമാർക്കുള്ള പരിശീലനം**





PIXEL2020

കേരള സർക്കാർ

# പൊതു വിദ്യാഭ്യാസവകുപ്പ്



## ഗവ എച് എസ് എസ് നെയ്യാറ്റിൻകര

### പ്രവർത്തനങ്ങളുടെ ഒരവലോകനം






ghssnta22

# വിദ്യാലയം പ്രതിഭകളോടൊപ്പം

*,🙏,വിദ്യാലയം പ്രതിഭകളോടൊപ്പം, ** ` 🙏 എന്ന പ്രവർത്തനത്തിന്റെ ഭാഗമായി നെയ്യാറ്റിൻകര ഗവ.ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികൾ, നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പ്രിൻസിപ്പാൾ, വൈസ് പ്രിൻസിപ്പാൾ, PTA പ്രസിഡന്റ് ,അധ്യാപകർ എന്നിവരോടൊത്ത്, പ്രശസ്ത സി നി മാ നടിയും മലയാള സിനിമയിലെ നിത്യഹരിത നായകനായ പ്രേം നസീറിന്റെ ആദ്യ നായിക എന്ന ബഹുമതിക്ക് അർഹയായ നെയ്യാറ്റിൻകര കോമളം എന്നറിയപ്പെടുന്ന കോമളാ മേനോന്റെ ഭവനം സന്ദർശിക്കുകയുണ്ടായി. തന്റെ വ്യക്തി ജീവിതത്തിൽ ആവശ്യമായ സമയത്ത് ഒരു ഉറച്ച തീരുമാനം എടുക്കാൻ സാധിക്കാത്തതിനാൽ ,കുടുംബ ജീവിതത്തിലും, പ്രവൃത്തി പഥത്തിലും ആഗ്രഹിച്ച തൊന്നും നേടാൻ കഴിയാതെ പോയ ,ഭൂതകാല ഓർമകൾ കുട്ടിളോട്പങ്കുവച്ചു.അച്ഛനമ്മമാരെ അനുസരിക്കുന്ന നല്ല കുട്ടികളായി വളരാൻ കുട്ടികളോട് ഉപദേശിച്ചു. കുട്ടികൾ പൊന്നാടയണിയിച്ച് ആ മഹിളാരത്നത്തെ ആദരിച്ചു.ഉപഹാരവും നൽകി



# സമ്പൂർണ ക്ലാസ്സ്റൂം ലൈബ്രറിഉത്ഘാടനം

റിട്ടയേർഡ് അദ്ധ്യാപകനും സീരിയൽ ആർട്ടിസ്റ്റുംആയ ശ്രീ കൃഷ്ണൻനായർ സർ നിർവഹിച്ചു .മികച്ച ക്ലാസ് ലൈബ്രറിക്കുള്ള സമ്മാനവും നൽകി




ബഹുമുഖ പ്രതിഭയും ഈ സ്കൂളിലെ പൂർവ വിദ്യാർത്ഥിയും അധ്യാപകനുമായ ശ്രീ കൃഷ്ണൻനായർ സാറിനെ തദവസരത്തിൽ മുനിസിപ്പാലിറ്റി വൈസ്ചെയര്മാൻ ശ്രീ കെ കെ ഷിബു പൊന്നാടയണിയിച്ചു ആദരിച്ചു



## വായനാവാരാഘോഷം

വായന ഒരാളെ പൂർണനാക്കുന്നു' എന്ന് പ്രശസ്ത ചിന്തകനും എഴുത്തുകാരനുമായ ഫ്രാൻസിസ് ബേക്കൺ.

അക്ഷരത്തിന്റെയും വായനയുടെയും ലോകത്തേക്ക് മലയാളിയെ കൈപിടിച്ച് നടത്തിയ ഒരാളുണ്ടായിരുന്നു - പി.എൻ. പണിക്കർ. അദ്ദേഹത്തിന്റെ ചരമദിനമാണ് ജൂൺ 19. 1995 ...ഈ ദിവസമാണ് നാം വായന ദിനമായി ആചരിക്കുന്നത്



## പഠനയാത്ര

ഊട്ടി ,മലമ്പുഴ ,പാലക്കാട് .........



## നമ്മുടെ സേന അംഗങ്ങൾ

### എൻ സി സി





### എസ് പി സി

## കൈറ്റ്സ് അംഗങ്ങൾ



## റെഡ്ക്രോസ്

